**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2481** **06-10-2025-ൽ മറുപടിയ്ക്ക്**

**<u>സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

ശ്രീ. പി. കെ. ബഷീർ

ഡോ. എം. കെ. മുനീർ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി പദ്ധതി ചെലവ് വെട്ടിക്കുറയ്ക്കാൻ സർക്കാർ നിർദേശം നൽകിയിരുന്നോ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തിന് ലഭിച്ചു വരുന്ന കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഭീമമായ കുറവും വിവിധങ്ങളായ കാരണങ്ങൾ ഉയർത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ വരുത്തി വരുന്ന വെട്ടിക്കുറവും കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ വ്യവസ്ഥ സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ പുനഃക്രമീകരിച്ചതും, ചരക്ക് സേവന നികുതിയിലെ റവന്യൂ പങ്കിടൽ അനുപാതം സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം ലഭിക്കത്തക്കവിധം പുനഃനിശ്ചയിക്കാത്തതും അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ ഇടിവിന് ഹേതുവായിട്ടുണ്ട്. തത്ഫലമായി സംസ്ഥാനത്ത് കഴിഞ്ഞ കുറച്ചു കാലങ്ങളായി പണഞെരുക്കം അനുഭവപ്പെടുന്നുണ്ട്. എന്നാൽ ആയത് സംസ്ഥാനത്തിന്റെ തനത് വരുമാന വർദ്ധനവിലൂടെ മാത്രം മറികടക്കുക അപ്രായോഗികമായിരുന്നു. തത്ഫലമായി ചില ഇനങ്ങളിലെ പേയ്മെന്റുകളിൽ കുടിശ്ശിക വന്നിരുന്നു. എന്നാൽ അത്തരം പേയ്മെന്റുകൾ സമയബന്ധിതമായി കൊടുത്തു തീർക്കുവാൻ സർക്കാർ തീരുമാനമെടുത്തതിന്റെ പശ്ചാത്തലത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി ചെലവുകളുടെ വിതരണത്തിന് മുൻഗണന നിശ്ചയിച്ചിരുന്നു. അതേ സമയം നബാർഡ് ധനസഹായം, വിദേശ വായ്പാ പദ്ധതികൾ, കേന്ദ്ര സഹായം എന്നിവ ഉപയോഗിച്ചുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, വിവിധ ക്ഷേമ പ്രവർത്തനങ്ങൾ, സാമൂഹിക സുരക്ഷ പെൻഷൻ, സ്കോളർഷിപ്പ് മുതലായവയ്ക്ക് ഒരു നിയന്ത്രണവും ബാധകമായിരുന്നില്ല. സർക്കാരിന്റെ ക്രിയാത്മകമായ മേൽ നടപടികളുടെ വിജയത്തിന്റെ പ്രതിഫലമെന്നോണം 2024-25 സാമ്പത്തിക വർഷത്തിൽ പ്ലാൻ സ്പെയ്സ് കണക്കുകൾ പ്രകാരം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതവും, തദ്ദേശ സർക്കാരുകളുടെ പദ്ധതി ചെലവും ഉൾപ്പെടെ സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിന്റെ 96.27% തുക ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

**(ബി)** എത്ര രൂപയുടെ പദ്ധതികളാണ് വെട്ടിക്കുറച്ചത്; പദ്ധതി ചെലവ് വെട്ടിക്കുറച്ചതിലൂടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തിന് ലഭിച്ചു വരുന്ന കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഭീമമായ കുറവും വിവിധങ്ങളായ കാരണങ്ങൾ ഉയർത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ വരുത്തി വരുന്ന വെട്ടിക്കുറവും കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ വ്യവസ്ഥ സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ പുനഃക്രമീകരിച്ചതും, ചരക്ക് സേവന നികുതിയിലെ റവന്യൂ പങ്കിടൽ അനുപാതം സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം ലഭിക്കത്തക്കവിധം പുനഃനിശ്ചയിക്കാത്തതും അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ ഇടിവിന് ഹേതുവായിട്ടുണ്ട്. തത്ഫലമായി സംസ്ഥാനത്ത് കഴിഞ്ഞ കുറച്ചു കാലങ്ങളായി പണഞെരുക്കം അനുഭവപ്പെടുന്നുണ്ട്. എന്നാൽ ആയത് സംസ്ഥാനത്തിന്റെ തനത് വരുമാന വർദ്ധനവിലൂടെ മാത്രം മറികടക്കുക അപ്രായോഗികമായിരുന്നു. തത്ഫലമായി ചില ഇനങ്ങളിലെ പേയ്മെന്റുകളിൽ കുടിശ്ശിക വന്നിരുന്നു. എന്നാൽ അത്തരം പേയ്മെന്റുകൾ സമയബന്ധിതമായി കൊടുത്തു തീർക്കുവാൻ സർക്കാർ തീരുമാനമെടുത്തതിന്റെ പശ്ചാത്തലത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി ചെലവുകളുടെ വിതരണത്തിന് മുൻഗണന നിശ്ചയിച്ചിരുന്നു. അതേ സമയം നബാർഡ് ധനസഹായം, വിദേശ വായ്പാ പദ്ധതികൾ, കേന്ദ്ര സഹായം എന്നിവ ഉപയോഗിച്ചുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, വിവിധ ക്ഷേമ പ്രവർത്തനങ്ങൾ, സാമൂഹിക സുരക്ഷ പെൻഷൻ, സ്കോളർഷിപ്പ് മുതലായവയ്ക്ക് ഒരു നിയന്ത്രണവും ബാധകമായിരുന്നില്ല. സർക്കാരിന്റെ ക്രിയാത്മകമായ മേൽ നടപടികളുടെ വിജയത്തിന്റെ പ്രതിഫലമെന്നോണം 2024-25 സാമ്പത്തിക വർഷത്തിൽ പ്ലാൻ സ്പെയ്സ് കണക്കുകൾ പ്രകാരം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതവും, തദ്ദേശ സർക്കാരുകളുടെ പദ്ധതി ചെലവും ഉൾപ്പെടെ സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിന്റെ 96.27% തുക ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത നടപടി ക്ഷേമപ്രവർത്തനങ്ങളെയും വികസന പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്തിന് ലഭിച്ചു വരുന്ന കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഭീമമായ കുറവും വിവിധങ്ങളായ കാരണങ്ങൾ ഉയർത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ വരുത്തി വരുന്ന വെട്ടിക്കുറവും കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ വ്യവസ്ഥ സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ പുനഃക്രമീകരിച്ചതും, ചരക്ക് സേവന നികുതിയിലെ റവന്യൂ പങ്കിടൽ അനുപാതം സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം ലഭിക്കത്തക്കവിധം പുനഃനിശ്ചയിക്കാത്തതും അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ ഇടിവിന് ഹേതുവായിട്ടുണ്ട്. തത്ഫലമായി സംസ്ഥാനത്ത് കഴിഞ്ഞ കുറച്ചു കാലങ്ങളായി പണഞെരുക്കം അനുഭവപ്പെടുന്നുണ്ട്. എന്നാൽ ആയത് സംസ്ഥാനത്തിന്റെ തനത് വരുമാന വർദ്ധനവിലൂടെ മാത്രം മറികടക്കുക അപ്രായോഗികമായിരുന്നു. തത്ഫലമായി ചില ഇനങ്ങളിലെ പേയ്മെന്റുകളിൽ കുടിശ്ശിക വന്നിരുന്നു. എന്നാൽ അത്തരം പേയ്മെന്റുകൾ സമയബന്ധിതമായി കൊടുത്തു തീർക്കുവാൻ സർക്കാർ തീരുമാനമെടുത്തതിന്റെ പശ്ചാത്തലത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി ചെലവുകളുടെ വിതരണത്തിന് മുൻഗണന നിശ്ചയിച്ചിരുന്നു. അതേ സമയം നബാർഡ് ധനസഹായം, വിദേശ വായ്പാ പദ്ധതികൾ, കേന്ദ്ര സഹായം എന്നിവ ഉപയോഗിച്ചുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, വിവിധ ക്ഷേമ പ്രവർത്തനങ്ങൾ, സാമൂഹിക സുരക്ഷ പെൻഷൻ, സ്കോളർഷിപ്പ് മുതലായവയ്ക്ക് ഒരു നിയന്ത്രണവും

ബാധകമായിരുന്നില്ല. സർക്കാരിന്റെ ക്രിയാത്മകമായ മേൽ നടപടികളുടെ വിജയത്തിന്റെ പ്രതിഫലമെന്നോണം 2024-25 സാമ്പത്തിക വർഷത്തിൽ പ്ലാൻ സ്പെയ്സ് കണക്കുകൾ പ്രകാരം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതവും, തദ്ദേശ സർക്കാരുകളുടെ പദ്ധതി ചെലവും ഉൾപ്പെടെ സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിന്റെ 96.27% തുക ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**